ഭരണഭാഷ-മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, തിരുവനന്തപുരം- 33

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

(നിലവിൽ: നഹാസ് എം എസ് )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം - നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം :-
1. 29.11.1971-ലെ 408/71/പി.ഡി നമ്പരായ വിജ്ഞാപനം.
2. 19855/സി/2008/തൊഴിൽ നമ്പരായ 24.04.2008-ലെ സർക്കാർ കത്ത്
3. 29.07.2018-ലെ എ 6/3281/15 നമ്പരായ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**********

**ഉത്തരവ് നമ്പർ: DT/40795/2020-A2, തീയതി: 26/12/2020**

പരാമർശം (1) ലെ സർക്കാർ വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ നേരിട്ടും വ്യാവസായിക പരിശീലന വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം മുഖേനയും നികത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകളുടെ അനുപാതം നിശ്ചയിക്കേണ്ടത് തസ്തികയിലെ അംഗബലത്തിലെ അടിസ്ഥാനത്തിൽ ആണ് എന്ന് രണ്ടാം പരാമർശ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽസാഹചര്യങ്ങളിൽ, നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലെയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം , വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകപ്പെട്ട് നിലവിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലും സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലും, ഓരോ ട്രേഡിലും നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ , മൂന്നാം പരാമർശപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഒന്നാം പരാമർശ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത മാനദണ്ഡ പ്രകാരവും അനുപാതപ്രകാരവും ജൂനിയർ ഇൻസ്ട്രക്ടർ (വയർമാൻ) തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹരായ വയർമാൻ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനത്തിലുള്ള താഴെപ്പറയുന്ന ജീവനക്കാരനെ കേരള സംസ്ഥാന കീഴ്ദ്യോഗസ്ഥ സേവനവ്യവസ്ഥകളിലെ ചട്ടം -9 എ(1) അനുസരിച്ച് 26500-56700 രൂപ ശമ്പളനിരക്കിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ടി യാളുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഐ.ടി.ഐ കളിൽ നിയമിച്ച് ഉത്തരവാകുന്നു

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക നിലവിൽ സേവനത്തിലുള്ള സ്ഥാപനം | വർക്കഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനത്തിൽ വന്ന തീയതി | യോഗ്യത | സ്ഥാനക്കയറ്റം നിൽകി നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|---|---|
| 1 | 26 | സന്ദീപ് കെകെ<br>വർക്ക്ഷോപ്പ് അറ്റൻഡർ, | 27.05.2016 | SSLC, NTC in Wireman Trade | ഐ.ടി .ഐഏറ്റുമാനൂർ |

| | | | | | |
|---|---|---|---|---|---|
| | | ഐ.ടി.ഐ ചാലക്കുടി | | വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ 27.05.2016 മുതലുള്ള പ്രവർത്തി പരിചയം | |

ഉദ്യോഗക്കയറ്റം ലഭിച്ച മേൽപ്പറഞ്ഞ ജീവനക്കാരന്റെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ കേരളാ ക്രഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂൾസ് ചട്ടം-6 ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

കേരളാ ക്രഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂൾസ് ചട്ടം-7(2) -ലെ വ്യവസ്ഥ പ്രകാരം , ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന്റെ ആദ്യ രണ്ട് വർഷക്കാലയളവിലെ തുടർച്ചയായ ഒരു വർഷം പ്രൊബേഷൻ കാലയളവ് ആയിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരൻ നിലവിലെ തസ്തികയിൽനിന്നും വിട്ടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. സ്ഥാനക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാരനെ ടിയാൻ നിലവിൽ സേവനത്തിലുള്ള സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾ വിട്ടുതൽ ചെയ്യേണ്ടതും , ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ആണ്. ടി ജീവനക്കാരൻ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന വിവരം ബന്ധപ്പെട്ട സ്ഥാപനമേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം നൽകപ്പെട്ട ജീവനക്കാരന് ദിനബത്ത , സേവനത്തിൽ പ്രവേശിക്കുന്ന കാലയളവ് , യാത്രാബത്ത എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്/-)

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ സന്ദീപ് കെ കെ ,വർക്ക്ഷോപ്പ് അറ്റൻഡർ ,ഐടിഐ ചാലക്കുടി (മേലധികാരി മുഖേന)

പകർപ്പ്:-1. ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

2. ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ

3. സി.എ (ഡി.റ്റി)/സി.എ (എ.ഡി.റ്റി)

4 എസ്.എസ് (എ))/ജെ.എസ്(എ)

5. എ 6 (വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്)

6. എസ്.എഫ് (എ 2)

7 വകുപ്പ് വെബ്സൈറ്റ്

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്